**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 940** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ എത്ര വില്ലേജ് ഓഫീസുകളെ 'സ്മാർട്ട് വില്ലേജ് ഓഫീസ്' പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം പണിയാൻ അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഇരിക്കൂർ മണ്ഡലത്തിലെ 6 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | അവയുടെ പ്രവൃത്തി ഏത് ഘട്ടങ്ങളിലെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | ന്യൂ നടുവിൽ, ചെങ്ങളായി, ഉദയഗിരി എന്നീ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ചുഴലി, എരുവശ്ശേരി, തിമരി എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | അവശേഷിക്കുന്ന വില്ലേജ് ഓഫീസുകൾക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം പണിയാൻ അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് പുതിയ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ